LITERATURE STUDIES

# ബാല്യമനോവ്യാഖ്യാനം എം.ടിയുടെ കഥകളിൽ

## (പെരുമഴയുടെ പിറ്റേന്ന്, അന്തിവെളിച്ചം, ബന്ധനം)

**ഡോ. അമ്പിളി എം.വി.**
അധ്യാപിക
മലയാളവിഭാഗം
ക്രൈസ്റ്റ്കോളേജ് (ഓട്ടോണമസ്),
ഇരിങ്ങാലക്കുട
Email: ambilyvijayan7@gmail.com

**സംഗ്രഹം**

മനുഷ്യന്റെ വൈകാരികതകളുടെ ഭാവാത്മകമായ അവതരണമാണ് സാഹിത്യം. ഒരു വ്യക്തിയെ സംബന്ധിച്ച് ജീവിതാനുഭവങ്ങളും സാമൂഹ്യസാഹചര്യങ്ങളും വൈകാരികതയിലുണ്ടാക്കുന്ന ഏറ്റക്കുറച്ചിലുകൾ വ്യക്തിത്വവികാസത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. ബാല്യകാലാനുഭവങ്ങൾ അനുകൂലവും പ്രതികൂലവുമായ മനോനിലകളെ നിർണയിക്കുമ്പോൾ നിശ്ചിതമായ പരിധീകരണങ്ങൾക്കുള്ളിൽ മനുഷ്യൻ സ്വയം സ്ഥാനപ്പെടുത്തുന്നു. നിഷേധങ്ങളും അവഗണനകളും ഒറ്റപ്പെടുത്തലുകളും അവനെ പുനർനിർമ്മിക്കുന്നു. ഫ്രോയ്ഡിയൻ ചിന്താപദ്ധതിയനുസരിച്ച് സമൂഹം/കുടുംബം അടിച്ചേൽപ്പിക്കുന്ന ഇത്തരം ജീവിതാവസ്ഥകൾ ശിഥിലീകൃതമായ വ്യക്തിത്വങ്ങൾക്ക് കാരണമാകുന്നു. കെട്ടുറപ്പില്ലാത്ത കുടുംബബന്ധങ്ങളിലെ ശൈഥില്യങ്ങളെ തിരിച്ചറിയുമ്പോൾ അവനിലെ അരക്ഷിതബോധത്തിന്റെ ആഴവും പരപ്പും പിന്നെയും ഏറുന്നു. അതവനിൽ പ്രതിഷേധത്തിന്റെ ഭിന്നതലങ്ങൾ ഉരുവംകൊള്ളുവാൻ സാഹചര്യമൊരുക്കുന്നു. ഒടുവിൽ അത് അവനവനോടുതന്നെയുള്ള പ്രതിഷേധമായി മാറുന്നു. ഇത്തരത്തിൽ മരുമക്കത്തായവും കൂട്ടുകുടുംബവും സൃഷ്ടിച്ച അരക്ഷിത ബാല്യങ്ങളുടെ അവസ്ഥാവിശേഷങ്ങളെയും മനോവിചാരങ്ങളെയും എം.ടിയുടെ തെരഞ്ഞെടുത്ത കഥകളെ മുൻനിർത്തി മനഃശാസ്ത്രതലത്തിൽ അപഗ്രഥിക്കുകയാണ് പ്രബന്ധം.

**താക്കോൽവാക്കുകൾ:** കുടുംബം, അധികാരം, ബന്ധങ്ങൾ, ബാല്യം, ഏകാന്തത, മരുമക്കത്തായം


ISSN: 2582 - 2594

### ഫ്രോയിഡും മനഃശാസ്ത്രവും

ആധുനിക മനഃശാസ്ത്രത്തിന്റെ പിതാവായ സിഗ്മണ്ട് ഫ്രോയ്ഡ് തന്റെ മനഃശാസ്ത്രവിശകലനത്തിന് അടിസ്ഥാനമാക്കിയത് വ്യക്തിയുടെ/മനുഷ്യമനസ്സിന്റെ വികാസപരിണാമങ്ങളിലും സ്വഭാവരൂപീകരണത്തിലും അവന്റെ കുടുംബവും, ജീവിത സാഹചര്യങ്ങളും, പ്രത്യേകിച്ച് മാതാപിതാക്കളുടെ സ്വാധീനം എന്നിവയെയാണ്. മനുഷ്യമനസ്സിന്റെ പ്രവർത്തനത്തെ അദ്ദേഹം മൂന്നായി തിരിച്ചിരിക്കുന്നു. ബോധം, അബോധം, പ്രാഗ്ബോധം. ഒരു വ്യക്തിയുടെ ഒട്ടുമിക്ക മാനസിക പ്രവർത്തനങ്ങളും അബോധപൂർവ്വമായിരിക്കും. ഈ മാനസിക പ്രവർത്തനങ്ങൾക്ക് മൂന്നുതലങ്ങൾ ഉണ്ടെന്ന് കൽപ്പിക്കുന്നു. ഇദ്ദ്, ഈഗോ, സൂപ്പർ എന്നിവയാണവ. ഫ്രോയ്ഡിന്റെ സിദ്ധാന്തം മനുഷ്യരിലെ ജീവിത സഹജാവബോധത്തേയും മരണ സഹജാവബോധത്തേയും വിശകലനംചെയ്യുന്നു. അടിച്ചമർത്തപ്പെട്ട വികാരങ്ങളെയും അനുഭവങ്ങളെയും പുറന്തള്ളുക, അതായത് അബോധാവസ്ഥയിൽനിന്നും ബോധാവസ്ഥയിലേക്കെത്തിക്കുക എന്നതാണ് മനഃശാസ്ത്രഅപഗ്രഥനത്തിന്റെ ലക്ഷ്യം.

### ഇദ്ദ്

മനുഷ്യന്റെ ആത്മജീവിതത്തിൽ ഇദ്ദിന് ഉയർന്ന സ്ഥാനമാണ് ഫ്രോയിഡ് കൽപ്പിക്കുന്നത്. ഇദ്ദിന്റെ മണ്ഡലം ഇരുണ്ടതാണ്. മൂല്യങ്ങൾ, നന്മ, തിന്മ, ധാർമികത എന്നിവയെക്കുറിച്ച് ഇദ്ദിന് വലിയ ധാരണയില്ല. അക്രമവാസനകളുടെയും ആഗ്രഹങ്ങളുടെയും ഉറവിടമാണത്. ജന്മവാസനകൾക്കനുസരിച്ച് പ്രവർത്തിക്കുന്നു. ഇദ്ദിന്റെ പ്രവർത്തനങ്ങളിൽ യുക്തിവിചാരം നിയന്ത്രിക്കുന്നില്ല. ഇദ്ദ് ആനന്ദംതേടുന്ന ബോധാവസ്ഥയുടെ ഭാഗമാണ്. മനുഷ്യരാശിയുടെ ഏറ്റവും അടിസ്ഥാനപരവും സഹജവുമായ എല്ലാ വാസനകളെയും ഉൾക്കൊള്ളുന്ന മനസ്സിന്റെ ഭാഗമാണ് ഇദ്ദ്. അതുകൊണ്ടുതന്നെ പരസ്പരവിരുദ്ധമായ അന്തഃശ്ചോദനകൾ ഇദ്ദിൽ നിലനിൽക്കുന്നു.

### ഈഗോ

ഇദ്ദിന്റെ അപകടകരമായ പ്രത്യേകതകളിൽനിന്ന് വ്യക്തിയെയും സമൂഹത്തെയും നിയന്ത്രിച്ചു സംരക്ഷിക്കുന്ന സ്ഥലമാണ് ഈഗോ. ഇദ്ദിന്റെ ജന്മവാസനകളെ ഈഗോ നിയന്ത്രിക്കുന്നു. അതായത് വ്യക്തിയുടെ ആന്തരിക-ബാഹ്യലോകങ്ങൾക്കിടയിൽ ഒരു മധ്യവർത്തിയായി പ്രവർത്തിക്കുന്നത് ഈഗോയാണ്. ജീവിതാനുഭവങ്ങളിലൂടെ വികാസം പ്രാപിക്കുന്ന ഈഗോയാണ് വ്യക്തിയുടെ പെരുമാറ്റരീതികൾക്ക് അടിസ്ഥാനമായിമാറുന്നത്.

### സൂപ്പർഈഗോ

ധാർമ്മികതത്വങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന മനസ്സിന്റെ തലമാണ് സൂപ്പർ ഈഗോ. ഈഗോയിൽ പ്രവർത്തിച്ച് വ്യക്തിസഹജമായ പ്രാകൃതവാസനകളിലെയും പ്രാഥമിക ഇച്ഛകളിലെയും സമൂഹവിരുദ്ധഘടകങ്ങൾ ബോധമനസ്സിൽനിന്നും പുറന്തള്ളി അബോധതലത്തിൽ പ്രതിഷ്ഠിക്കുന്നു. ഇദ്ദ് വ്യക്തിയെ അപകടകാരിയാക്കുമ്പോൾ സൂപ്പർഈഗോ നന്മയുള്ളവരാകാൻ പഠിപ്പിക്കുന്നു. സൂപ്പർ ഈഗോ മനഃസാക്ഷിയെന്നും ഈഗോ ഐഡിയൽ എന്നുമുള്ള രണ്ട് ഘടകങ്ങളെ ഉൾക്കൊള്ളുന്നുണ്ട്. സൂപ്പർ ഈഗോവിന്റെ ഈ രണ്ടുഘടകങ്ങളും വളർന്നുവികസിക്കുന്നത് സാമൂഹ്യ ഇടപെടലുകളിലൂടെ വ്യക്തി ആർജ്ജിക്കുന്ന ജീവിതാനുഭവങ്ങളിലൂടെയാണ്.

മനുഷ്യൻ ബോധപൂർവ്വം വിശ്വസിക്കുന്ന സത്യങ്ങൾക്കപ്പുറത്ത് അവൻ സ്വയം അടിച്ചമർത്തുന്ന സത്യങ്ങളെ കണ്ടെത്താനും അവയിലേക്ക് കാര്യകാരണബന്ധം വെളിപ്പെടുത്താനുമുള്ള ഒരു മാർഗ്ഗം രൂപപ്പെടുത്തി എടുക്കുന്നതിലാണ് ഫ്രോയ്ഡിയൻ ചിന്തകളുടെ സവിശേഷത. വിമോചനപരമായ ആശയങ്ങളുടെ പ്രയോഗമാണ് ഫ്രോയ്ഡിയൻ ചിന്തയുടെ മഹത്വം. മനുഷ്യന്റെ ദൈനംദിനജീവിതത്തിലെ പ്രശ്നങ്ങളും അസ്വാസ്ഥ്യങ്ങളും വിഷയവൽക്കരിക്കുമ്പോൾ അത് ആഴത്തിൽ മനഃശാസ്ത്രപരമായ ഒരു സമീപനത്തെയാണ് ഉൾവഹിക്കുന്നത്. മാനസികാപഗ്രഥനം/നിരൂപണം, സാഹിത്യം ആദ്യകാലം മുതൽക്കേ പ്രമേയവൽക്കരിച്ചിട്ടുണ്ട്. മനുഷ്യമനസ്സിന്റെ ഉള്ളറകളിലേക്കിറങ്ങിച്ചെന്ന് അതിലെ അതിസൂക്ഷ്മ പ്രവർത്തനങ്ങളെയും വൈകാരിക-വൈചാരിക പരിവർത്തനങ്ങളെയും വ്യക്തമായും ശക്തമായും അവതരിപ്പിക്കുകയാണ് ഇത്തരം രചനകൾ. സമൂഹത്തിന്റെ ബോധമനസ്സ് അംഗീകരിക്കാത്ത വൈകാരികതകളും ചിന്തകളും മുതൽ നിഗൂഢമായ രതിവൈകൃതങ്ങൾ വരെ ഇത്തരം കൃതികളിൽ പരോക്ഷമായി പറഞ്ഞുവയ്ക്കുന്നു.

ഫ്രോയിഡിയൻ മനഃശാസ്ത്രവിശകലനത്തിൽനിന്നുകൊണ്ട് ബാല്യാവസ്ഥകളെ അപഗ്രഥിക്കുമ്പോൾ, ബാല്യത്തിലേറ്റ മുറിവുകൾ അവരുടെ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും ഒപ്പംവളർന്ന് അവരുടെ തുടർജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നതായി ഫ്രോയ്ഡ് സിദ്ധാന്തിക്കുന്നു. ഇത് നിലനിൽക്കുന്ന വ്യവസ്ഥിതിയോട് മാത്രമല്ല അവനവനോട് തന്നെ വെറുപ്പ് തോന്നുന്ന തരത്തിലേക്ക് ഒരു വ്യക്തിയെ മാറ്റി സ്ഥാപിക്കുന്നു. ഈ അവസ്ഥ സ്വയം നഷ്ടപ്പെടുത്തിക്കൊണ്ട് ജീവിക്കുന്നതിലേക്കോ, ഈ ലോകത്തോട് മുഴുവൻ പ്രതിഷേധിച്ച് ജീവിക്കുന്നതിലേക്കോ വ്യക്തിയെ നയിക്കുന്നു. ബന്ധങ്ങളെ നിഷേധിക്കുമ്പോൾ ലഭിക്കുന്ന ആനന്ദങ്ങളിൽ സംതൃപ്തികണ്ടെത്തുന്ന അവസ്ഥ, അതെല്ലാം തന്റെ വിജയമാണ് എന്ന് സ്വയം വിശ്വസിക്കുന്നു. ചെറിയ നിഷേധങ്ങളെപോലും ഓർത്തുവച്ച് കാലത്തിനപ്പുറം അതേ നാണയത്തിൽ തിരിച്ച്നൽകി സ്വയം സന്തോഷിക്കുന്ന അവസ്ഥാവിശേഷത്തിലേക്ക് വ്യക്തി എത്തിച്ചേരുന്നു.

**എം.ടിയുടെ കഥാലോകം**

സമൂഹത്തിന്റെ നിലനിൽപ്പും സംരക്ഷണവും എല്ലാംതന്നെ ഇന്നിന്റെ ബാല്യങ്ങളിലൂടെ വളർന്ന് നാളെയുടെ യുവത്വത്തിൽ ഭദ്രമാകുന്നത് ജീവിതാവസ്ഥകളും അറിവനുഭവങ്ങളും നൽകുന്ന പാഠങ്ങളിലൂടെയാണ്. വ്യക്തിത്വവും സ്വഭാവങ്ങളും അവന്റെ ബാല്യാവസ്ഥയുടെ കൂടി അനുരണനമാകുമ്പോൾ ഒരു വ്യക്തി സാമൂഹിക പ്രതിബദ്ധതയുള്ളവനായി മാറുന്നതിലും, മാനുഷികതയുള്ള, മൂല്യബോധമുള്ള സമൂഹജീവിയായി മാറുന്നതിലും കുടുംബവും സാമൂഹികബന്ധങ്ങളും നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. മരുമക്കത്തായവും കൂട്ടുകുടുംബവും ഒരു കാലഘട്ടത്തിന്റെ കുടുംബഘടനയെ നിർണയിച്ചപ്പോൾ അരക്ഷിതമാക്കപ്പെട്ട ബാല്യങ്ങളെ എം.ടിയുടെ കഥാലോകത്ത് കാണാൻകഴിയും. ആൾക്കൂട്ടത്തിൽ നിൽക്കുമ്പോഴും ഒറ്റപ്പെട്ടു പോകുന്നവർ, സ്നേഹനിഷേധങ്ങൾ, ശാപവാക്കുകൾ, ഉപദേശ ചെടിപ്പുകൾ. ഈ ലോകത്തോട് മുഴുവൻ വെറുപ്പ് തോന്നിപ്പിക്കുന്ന വിധത്തിലേക്ക് മനസ്സ് മാറിപ്പോകുന്ന ബാല്യങ്ങൾ. പ്രതീക്ഷകൾ, പ്രതീക്ഷകൾ മാത്രമാകുമ്പോൾ ആഗ്രഹങ്ങൾ ഉള്ളിലടക്കിവയ്ക്കാൻ

 ISSN: 2582 - 2594

മാത്രമുള്ളതാകുന്നു. ഇത് തികഞ്ഞ പാരമ്പര്യവിരോധികളും, നിഷേധികളുമായ വ്യക്തിത്വങ്ങളെ രൂപപ്പെടുത്തുന്നതിലേക്ക നയിക്കുന്നു. ഈ സ്വഭാവ സവിശേഷത സമൂഹത്തിൽനിന്നും മാത്രമല്ല ഇവരെ ഭ്രഷ്ടരാക്കുന്നത്, സ്വയംഭ്രഷ്ടരായി അലഞ്ഞുതിരിയലിന്റെ, അലക്ഷ്യബോധങ്ങളുടെ പുതിയവഴികളെ തേടുന്നതിലേക്ക് നയിക്കുന്നു. ബാല്യാവസ്ഥകളിൽ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ബാഹ്യലോകത്തുനിന്നും മാറിയ ഉൾവലിഞ്ഞ പ്രകൃതത്തെ രൂപപ്പെടുത്തി യെടുക്കുന്നു. ഇതൊരുതരത്തിൽ ആത്മനിന്ദയിലേക്കും ഇറങ്ങിപ്പോക്കിലേക്കുംവരെ എത്തി ച്ചേർന്നേക്കാവുന്ന മാനസികാവസ്ഥ സംജാതമാക്കുന്നു. ഇത്തരത്തിൽ ഒറ്റപ്പെട്ടു പോകുന്നവരും നിന്ദിക്കപ്പെടുന്നവരുമായ ഒട്ടേറെ ബാല്യങ്ങളെ എം.ടിയുടെ കഥകൾ ആവിഷ്കരിച്ചിട്ടുണ്ട്.

**പെരുമഴയുടെപിറ്റേന്ന്**

അച്ഛന്റെ വരവിനെ കാത്തിരിക്കുന്ന അപ്പുവും അമ്മയും, അച്ഛൻ മറുനാട്ടിൽ മറ്റൊരു വി വാഹംകഴിച്ച് ജീവിക്കുകയാണെന്നറിയുമ്പോഴുണ്ടാകുന്ന ആഘാതം ഒട്ടും ചെറുതല്ലായിരുന്നു. കുടുംബത്തിനുള്ളിലും സമൂഹത്തിലും, പ്രത്യേകിച്ച് സഹപാഠികൾക്കിടയിൽ അവൻ അപമാ നിതനാകുന്നുണ്ട്. താൻ നേരിടേണ്ടിവരുന്ന അപമാനത്തിന് ഉത്തരവാദി തന്റെ അച്ഛൻ മാത്ര മാണെന്ന് അവൻ തിരിച്ചറിയുന്നതോടെ അച്ഛൻ അവന്റെ ശത്രുപക്ഷത്തായി മാറുന്നു. പിന്നീട് വളർന്നുവന്നപ്പോഴും അച്ഛനോടുള്ള അവന്റെ മനോഭാവത്തിന് മാറ്റമുണ്ടാകുന്നില്ല. കെട്ടുറപ്പു നഷ്ടപ്പെട്ട കുടുംബപശ്ചാത്തലം കുട്ടികളുടെ മനസ്സിലുണ്ടാക്കുന്ന ആഘാതങ്ങൾ കാലത്തിന് മായ്ച്ചുകളയാനാവുന്നില്ല. ആ മുറിവുമായി വളർന്ന അപ്പു സാഹചര്യങ്ങൾകൊണ്ടാണെങ്കിൽ കൂടി തന്നോടും അമ്മയോടും നീതികേടുകാണിച്ച അച്ഛനെ ശത്രുപക്ഷത്ത് സ്ഥാനപ്പെടുത്തുക യാണ്. തന്നോടുള്ള മകന്റെ സമീപനത്തിൽ അച്ഛൻ ദുഃഖിക്കുന്നില്ല. തന്നോടുകാണിക്കുന്ന അവഗണനയെപ്പോലും മകന്റെ ദയയായിട്ടാണ് അച്ഛൻ കാണുന്നത്. കാരണം, ഒരച്ഛൻ മകന് നൽകേണ്ട സ്നേഹവും കരുതലും അയാൾ അവന് നൽകിയിട്ടില്ല, അതുകൊണ്ടുതന്നെ മകന്റെ സമീപനത്തിൽ അയാൾക്ക് പരിഭവമില്ല. എന്തിനെയും ഉൾക്കൊള്ളാൻ പരുവപ്പെടുത്തിയ മന സ്സുമായാണ് അച്ഛൻ ജീവിക്കുന്നത്. എങ്കിലും അയാൾ പോലുമറിയാതെ ഒരു തളർച്ച അയാളെ ബാധിക്കുന്നുണ്ടെന്നത് കഥയുടെ ആന്തരികതലം ഉൾവഹിക്കുന്നുണ്ടെന്നത് വ്യക്തം.

കഥയുടെ പേരുതന്നെ പ്രകൃതിപ്രതിഭാസങ്ങളോട് ബന്ധപ്പെട്ടുകിടക്കുന്നു. പ്രക്ഷുബ്ധമായ കാലാവസ്ഥയും ശിവശങ്കരന്റെ മനസ്സും അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. ഒരു പെരുമഴ യ്ക്കപ്പുറം അയാൾ അനുഭവിക്കുന്ന ശാന്തത ഭീതിപ്പെടുത്തുന്ന മറ്റൊരു സ്വപ്നത്തിന്റെ നിഴലിൽ അയാളുടെ ജീവിതം പിന്നെയും അശാന്തിയുടെ തീരങ്ങളിലേക്കാണ് നീങ്ങിക്കൊണ്ടിരി ക്കുന്നതെന്ന് തിരിച്ചറിയുമ്പോൾ ഉണ്ടാകുന്ന നിരാശയിലും പ്രത്യാശയുടെ ഒരു കണികയെ അയാൾ പ്രതീക്ഷിക്കുന്നുണ്ട്. കാനഡയിൽനിന്നു വരുന്ന മകനെ സ്വീകരിക്കാൻ വരുന്ന അച്ഛ നോട് (ശിവശങ്കരൻ) തികച്ചും ഔപചാരികമായാണ് അപ്പു പെരുമാറുന്നത്. മകന്റെ ഒപ്പമുള്ള മദാമ പെൺകുട്ടിയാരെന്ന് അച്ഛൻ ചോദിക്കുന്നില്ല. പകരം 'നിന്റെ കൂടെയാണോ ജോലി?' എന്നു മാത്രമാണ് ചോദിക്കുന്നത്. അതിനപ്പുറത്ത് ഒന്നും ചോദിക്കാൻ അച്ഛനെന്നനിലയിൽ അയാൾക്ക് ഒരു യോഗ്യതയുമില്ലെന്ന് അയാൾ സ്വയം മനസ്സിലാക്കുന്നുണ്ട്. സ്വന്തം ജീവിതം വഴിമാറിയൊഴുകാൻ തുടങ്ങിയപ്പോൾ ഒരിക്കലും അപ്പുവിനെയോ, അവന്റെ അമ്മയെയോ ഓർ

ക്കാതെപോയതെന്തെന്ന ചോദ്യത്തിനുള്ള ഉത്തരം ഇപ്പോഴും അയാൾക്കറിയില്ല. അതറിയാത്തിടത്തോളം തന്റെ മകനോട് ചോദ്യങ്ങൾ ചോദിക്കാനുള്ള അവകാശമോ അധികാരമോ തനിക്കില്ലെന്ന് അയാൾ ചിന്തിക്കുന്നുണ്ട്. “ഓ, അത് അച്ഛന് എഴുതിയില്ല. കഴിഞ്ഞ മാസമായിരുന്നു ഞങ്ങളുടെ മാര്യേജ്” (എം.ടി: 2019:115). തിരിച്ചൊന്നും പറയാനോ ചോദ്യംചെയ്യാനോ ഉള്ള ഒരവസരവും നൽകാതെ അപ്പു ഇത്രയും പറഞ്ഞവസാനിപ്പിക്കുമ്പോൾ പ്രായാധിക്യവും ജീവിത പ്രാരാബ്ധങ്ങളും വാർദ്ധക്യത്തിന്റെ രോഗാവസ്ഥകളും തളർത്തിയ അച്ഛന്റെ മനസ്സ് പിന്നെയും തളരുമെന്ന് അപ്പുവിനറിയാം. താൻ ബാല്യാവസ്ഥകളിലെന്നോ അനുഭവിച്ചറിഞ്ഞ നിരാകരണത്തിന്റെ വേദനയത്രയും സഹനത്തിന്റെ ഭാഷയിലൂടെ പഠിച്ച അപ്പു അച്ഛനെ കണ്ട മാത്രയിൽ അതനുഭവിക്കാൻ അച്ഛന് ഒരവസരമൊരുക്കിക്കൊടുത്ത് സ്വയം ആനന്ദം കണ്ടെത്തുകയായിരുന്നു. അതേസമയം സ്വന്തം മകനെ ഒന്ന് അനുഗ്രഹിക്കാൻ പോലുമാകാതെപോകുന്ന അച്ഛന്റെ മാനസികാവസ്ഥയെ മകൻ ഒരുതരത്തിൽ ആസ്വദിക്കുന്നുമുണ്ട്. “വേണമെങ്കിൽ ഒന്നെടുക്കാം. വെഡ്ഡിംങ് ഫോട്ടോ”(എം.ടി. 2019:115)എന്ന അപ്പുവിന്റെ പറച്ചിലിൽ ഉൾച്ചേർന്നിരിക്കുന്നത് തികഞ്ഞ നിന്ദയാണ്. ബോധപൂർവ്വമുള്ള ഒരു അകലം പാലിക്കലാണ്. തിരിച്ചൊരു വാക്കുപറയാനുള്ള അവകാശം പോലുമില്ലാതെ തളർന്നു നിസ്സഹായനായി നിൽക്കുന്ന അച്ഛനു മുൻപിൽ നിൽക്കുന്ന മകനിൽ ഒരുതരം പ്രതികാരവാഞ്ജയാണ് പ്രവർത്തിക്കുന്നത്. അച്ഛന്റെ പ്രായത്തെ മകൻ ഒരിക്കലും മുഖവിലയ്ക്കെടുക്കുന്നില്ല. ‘ഓ’ എന്നത് അച്ഛനെന്ന വ്യക്തിയെ അത്രമേൽ നിസ്സാരവൽക്കരിക്കാൻ മനഃപൂർവ്വം ചേർത്തുപറയുന്ന വ്യാക്ഷേപകമാണ്. അത്രപോലും അർഹിക്കുന്നില്ലെന്ന് മകൻ അച്ഛനോട് പറയാതെ പറയുകയാണ്. കാലം കാത്തുവച്ച മറുപടിയാണതെന്ന് അച്ഛൻ കരുതുമായിരിക്കും. പക്ഷേ, ഇതേ 'ഓ' എന്ന അച്ഛന്റെ മറുപടിയ്ക്ക് നിസ്സഹായതയുടെ സ്വരമാണ്. കൂട്ടുകുടുംബത്തിലെ ദുർബലമായ ദാമ്പത്യത്തിന്റെ പരിക്കുകളേറ്റ് വളർന്ന കുട്ടിയ്ക്ക് സമൂഹം പകർന്നുനൽകിയതത്രയും ക്രൂരമായ പരിഹാസത്തിന്റെയും അവഗണനയുടെയും മുറിവുകളായിരുന്നു. അവൻ പോലുമറിയാതെ അവനിൽ വളർന്നുവന്ന പ്രതികാരവാഞ്ജ ലോകത്തോടുതന്നെയുള്ള നിഷേധാത്മകതകളായി വളർന്നു. തന്റെ കൂട്ടുകാരായ കുട്ടികൾക്ക് അച്ഛൻ നൽകുന്ന സ്നേഹവും കരുതലും പരിഗണനയും കണ്ടപ്പോൾ അച്ഛൻ എന്ന ബിംബത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞു. തന്റെ കൂട്ടുകാരിൽ നിന്നുമറിഞ്ഞതനുസരിച്ച്, അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ പങ്കുവച്ചത്, “ബാലമനസ്സിൽ അച്ഛൻ തന്റെ സംരക്ഷകനും സംപൂജ്യനും സർവ്വശക്തനുമാണ്” (സെബാസ്റ്റ്യൻ:2015:33) എന്നാണ്. പക്ഷേ, തനിക്ക് അച്ഛനെന്നത് ഒരിക്കലും അതായിരുന്നില്ല എന്ന തിരിച്ചറിവുണ്ടാക്കുന്ന അന്യതാബോധം വളരുന്നതോടെ സ്നേഹമെന്ന വൈകാരികതയെ അവൻ വെറുക്കുന്നു. മറ്റുള്ളവരുടെ സ്നേഹത്തെ പുച്ഛത്തോടെ മാത്രം വിലയിരുത്തുന്നു.

പേയിംങ് ഗസ്റ്റായി അയാൾ താമസിച്ചിരുന്ന വീട്ടിലെ പെൺകുട്ടി തന്റെ ഭർത്താവിൽനിന്നും ഗർഭിണിയായെന്നറിഞ്ഞപ്പോൾ “ശിവേട്ടന് അതാ സൗകര്യം ച്ചാൽ അങ്ങനെ ആയിക്കോട്ടെ” (എം.ടി.2019:115) എന്നായിരുന്ന അപ്പുവിന്റെ അമ്മയുടെ പ്രതികരണം. അന്ന് അപ്പുവിന്റെ അമ്മ തന്നോടുകാണിച്ച ദയയെക്കുറിച്ച് ഇന്ന് ചിന്തിക്കുമ്പോൾപോലും അതയാളെ കുത്തിനോവിക്കുന്നുണ്ട്. ആ നോവിൽനിന്നും അയാൾ പഠിച്ച പാഠം “ആരും എന്നെ താങ്ങേണ്ട. എന്തിന് വീഴണം? ഞാൻ എന്തിന് കരയണം?” (എം.ടി. 2019:118) എന്ന മകളായ സ്മിതയോ

 ISSN: 2582 - 2594

ടുള്ള മറുപടിയിൽ വ്യക്തമാകുന്നുണ്ട്. അതേസമയം, അപ്പുവിന്റെ വരവിനെ കാത്തിരുന്ന തന്റെ മക്കളോട് പറയാൻ ഒരു കാരണം തേടുന്ന അയാൾ സ്വയം കുറ്റപ്പെടുത്താതെ കാലാവസ്ഥയെ പഴിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, ഒരു നീണ്ട പെരുമഴക്കാലം പെയ്തിറങ്ങിപ്പോയത് അയാളിലൂടെ മാത്രമായിരുന്നു എന്നതാണ് യാഥാർത്ഥ്യം.

**അന്തിവെളിച്ചം**

ജീവിതമത്രയും വെളിച്ചം തേടിനടന്ന് ഇരുട്ടിന്റെ നിഴലിൽ സ്വയം ഇല്ലാതായ ജീവിതമായിരുന്നു അന്തിവെളിച്ചത്തിലെ നായകന്റേത്. തന്റെ ബാല്യത്തെക്കുറിച്ച് അയാൾ ആരോടും തുറന്നുപറയുന്നില്ല. നാളെയെക്കുറിച്ച് ഓർക്കാതിരിക്കുക എന്നതാണ് തന്റെ തത്വശാസ്ത്രം പാലിക്കുന്നതിലേക്ക് തന്നെ നയിച്ചത്, ബാല്യകാലാനുഭവങ്ങൾ തന്നെയാണെന്ന് അയാൾ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഇന്നലെകളെക്കുറിച്ച് ഓർക്കുമ്പോൾ തന്നെ അയാൾക്ക് അറപ്പ് തോന്നുന്നുണ്ട്. ഇരുട്ട് അത്രമേൽ ഭീതിജനകമാണെന്ന് സ്വന്തം ജീവിതം അയാളെ പഠിപ്പിച്ചു. അന്തിവെളിച്ചം എന്ന ശീർഷകം അയാളുടെ ജീവിതത്തിന്റെ തന്നെ പ്രതിനിധാനമാണ്. കാരണം, അയാൾ നാളെകളെ വെറുക്കുന്നു. അയാളുടെ ജീവിതത്തെ സംബന്ധിച്ച് ഇന്നലെകളിലേക്ക് ഇറങ്ങിപ്പോകാൻ ആഗ്രഹിക്കുന്നില്ല, നാളെകളിലേക്കും. അതേസമയം ഇരുട്ടിനെ ഭയപ്പെടുകയുംചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള മനോനിലയിലേക്ക് അയാളെ എത്തിച്ചതിനു കാരണമായി മാറിയത് അയാളുടെ ബാല്യകാലം തന്നെയാണ്. ഒടുവിൽ സ്നേഹത്തോടെ പരിഗണിച്ചിരുന്ന ശാന്തയും തന്നെ തിരസ്കരിച്ചപ്പോൾ അയാൾക്ക് നഷ്ടപ്പെട്ടത് അയാളെ തന്നെയായിരുന്നു. അതോടെ സ്നേഹം, പ്രണയം എന്നീ വൈകാരികതകളെ അയാൾ അത്രമേൽ വെറുക്കാൻ തുടങ്ങുന്നു. എങ്ങുമെത്താതെപോയ ജീവിതത്തെ അയാൾ ലഹരികൊണ്ട് പൂരിപ്പിക്കുന്നു.

തനിക്കൊപ്പം കളിച്ചുവളർന്നവർ അവർ ആഗ്രഹിച്ചതൊക്കെ നേടിയപ്പോഴും അയാളിപ്പോഴും ജീവിതത്തിന്റെ പുറംപോക്കുകളിൽ അലയുകയാണെന്ന യാഥാർത്ഥ്യത്തെ അയാൾക്കുൾക്കൊള്ളാനായില്ല. അത് ആരുടെയും കുറ്റംകൊണ്ടല്ല എന്ന് സ്വയം സമ്മതിക്കുന്നുമുണ്ട്. മതിവരാതെ മദ്യപിച്ച് ഒരിക്കലും ഉണരാത്ത ഒരു പ്രഭാതത്തെ, ജീവിതാവസാനത്തെ അയാൾ ആഗ്രഹിക്കുന്നുണ്ട്. അതിനായി പ്രാർത്ഥിക്കുന്നുമുണ്ട്.

സ്നേഹത്തിനുവേണ്ടി കൊതിച്ചുനടന്ന ബാല്യം ഇന്നും അയാളിൽ ഒരു ഓർമ്മത്തെറ്റുപോലെ മയങ്ങിക്കിടപ്പുണ്ട്. ഗ്രാമവും വൈക്കോൽ മേഞ്ഞ പുരയും വയലും കുന്നുമെല്ലാം അയാളുടെ ഓർമ്മകളെ ഇപ്പോഴും സമ്പന്നമാക്കുന്നു. എങ്കിലും തന്റെ ബാല്യത്തെക്കുറിച്ച് അയാൾ ആരോടും ഒന്നും പറയുന്നില്ല. ദുരിതപൂർണ്ണമായ ഭൂതകാലം തുറന്നുപറയണമെങ്കിൽ അത്രമേൽ ജീവിതവിജയം നേടണം. പക്ഷേ, അയാളെ സംബന്ധിച്ച് ജീവിതം തീർത്തും പരാജയപ്പെട്ടുപോയിരുന്നു. തന്റെ ബാല്യത്തെക്കുറിച്ച് അയാൾ ഇപ്രകാരം ഓർത്തെടുക്കുന്നുണ്ട്, “ഊണ് ഒരു അത്ഭുത സംഭവമായിരുന്നു. കരുണ നിറഞ്ഞ ഒരു വാക്ക് അലഭ്യവസ്തുവായിരുന്നു. ചന്തമുള്ള വീട് സ്വപ്നമായിരുന്നു. ഒരു ഉടുപ്പ് കടംചോദിക്കാൻ കൂട്ടുകാരന്റെ വീടിന്റെ പടിപ്പുരയിൽ മണിക്കൂറുകളോളം കാവൽനിന്നു” (എം.ടി. 2018:158). കൂട്ടുകുടുംബവും മരുമക്കത്തായവും കാരണവരുടെ ദുർഭരണവും ഒരു ബാല്യത്തെ ചോദ്യചിഹ്നമാക്കിയതിന്റെ വ്യക്തമായ ചിത്രം ഇവിടെ കാണാൻ കഴിയും.

നിറഞ്ഞ തറവാട്ടിൽ പട്ടിണിയുണ്ടുറങ്ങിയ ബാല്യം. ഒരിക്കൽപോലും കരുണയും സ്നേഹവും അനുഭവിക്കാതെ പോയതിന്റെ ദുഃഖം, വിശേഷ അവസരങ്ങളിൽ പോലും നല്ല വസ്ത്രങ്ങൾ അണിയാൻ സാധിക്കാതെ പോയതിന്റെ ദുഃഖം. കുടുംബബന്ധങ്ങൾക്കപ്പുറത്തെ മറ്റുബന്ധങ്ങളിൽ അയാൾ സ്നേഹത്തെ അന്വേഷിക്കാൻ കാരണമായത് ബാല്യകാലത്തിലെ ഈ ദുരനുഭവങ്ങളാകണം. "സ്നേഹിക്കുന്നതിലും സ്നേഹിക്കപ്പെടുന്നതിലും പൂർണ്ണസംതൃപ്തി കണ്ടെത്തുന്ന സ്നേഹത്തിന്റെ കല സഹജവാസനകളുടെ സാക്ഷാത്കാര മാർഗ്ഗമാണ്"(Freud:1985:270). കുടുംബം അയാളെ തിരസ്കരിച്ചപ്പോൾ ഉണ്ടായ മുറിവുകളുണക്കാൻ അയാൾ സ്നേഹത്തെ അന്വേഷിക്കുന്നവനായി മാറി, ഒരുതരം പകവീട്ടിൽ മനോഭാവത്തോടെ. പക്ഷേ, അയാൾക്ക് അത്രമേൽ ആഴത്തിൽ ആരെയും പ്രേമിക്കാൻ കഴിഞ്ഞില്ല. പല സ്ത്രീകളിലൂടെ കടന്നുപോകുമ്പോഴും ഒരുപക്ഷേ, അയാൾ തേടുന്നത് അയാൾക്ക് ലഭിക്കാതെപോയ അമ്മയുടെ സ്നേഹമാകാം. അമ്മയിൽനിന്നും ലഭ്യമാകാതെപോയ സ്നേഹമോ അമ്മയിൽനിന്നും അനുഭവിച്ചറിഞ്ഞ സ്നേഹമോ പിന്നീട് ഭാര്യയിൽ അന്വേഷിക്കുകയോ ഭാര്യയിൽനിന്നനുഭവിക്കുകയോ ചെയ്യുന്നതായി മനഃശാസ്ത്രപഠനങ്ങൾ പറയുന്നുണ്ട്. അതായത് ഭാര്യയിലും ഒരമ്മയെ ദർശിക്കാം. പക്ഷേ ആ അമ്മയുടെ സ്നേഹം അയാളെ സംബന്ധിച്ച് അന്യമായിരുന്നു.

ഇരുട്ടുനിറഞ്ഞ ഇടനാഴിയിൽവച്ച് ആദ്യമായി ശാന്തയെ കെട്ടിപ്പിടിച്ച് ചുംബിച്ചപ്പോൾ അവൾക്ക് അതുവരെ തന്നോട് ആരാധനതോന്നിയിരുന്നുവെന്ന് അയാൾ കരുതിയിരുന്ന അവളുടെ കണ്ണുകളിൽനിന്ന് തീപാറുന്നത് കണ്ടപ്പോഴാണ് സ്നേഹത്തിന്റെയും വെറുപ്പിന്റെയും അതിർത്തികൾ അതീവലോലമാണെന്ന് അയാൾ തിരിച്ചറിഞ്ഞത്. അതുകൊണ്ടു തന്നെയാകണം "ഒരു രാത്രിയിലധികം നീണ്ടുനിൽക്കുന്ന പ്രേമത്തിൽ അയാൾക്കു വിശ്വാസമില്ല" (എം.ടി.2018:159) എന്ന് അയാൾ പറയുന്നത്. ദയയിൽനിന്നും സഹതാപത്തിൽനിന്നും ഉണ്ടായ വെറുമൊരു പരിഗണനമാത്രമായിരുന്നു ശാന്തയുടെ സ്നേഹം എന്ന് തിരിച്ചറിയാൻ മാത്രം സ്നേഹിക്കപ്പെട്ട ചരിത്രം അയാൾക്കില്ലാതെപോയി. കാരണം, കെട്ടുറപ്പില്ലാത്ത ദാമ്പത്യബന്ധങ്ങൾ കണ്ടുവളർന്ന, അവഗണനയുടെ ദുഃഖം പേറിയ ബാല്യവും പകർന്നുതന്നതത്രയും ഒറ്റപ്പെടലിന്റെയും നിരാശയുടെയും കയ്പുനീർ മാത്രമായിരുന്നു. നിഷേധങ്ങൾ നിറഞ്ഞ ആ നാളുകളുടെ പകരംവീട്ടിലെന്നോണമോ ആണ് പിന്നീട് അയാൾ ബന്ധങ്ങളെയെല്ലാം കാണുന്നത്. പത്മ അയാളെ  അത്രമേൽ പ്രണയിച്ചിട്ടും അയാൾ പത്മയെ അവഗണിക്കുന്നുണ്ട്. അവളുടെ ഭർത്താവിനെ നോക്കിനിന്നപ്പോൾ അയാൾ ഓർത്തതിതാണ് "വിഡ്ഢിയായ മനുഷ്യാ, ഈ നിന്റെ ഭാര്യ എന്റെ മെത്തയിൽ എത്ര രാവുകളുറങ്ങിയിട്ടുണ്ട്" (എം.ടി.2018:159). സ്നേഹത്തിനുവേണ്ടി ദാഹിച്ചു നടന്ന ഒരു കാലത്തിനിപ്പുറം സ്നേഹനിരാസത്തിലൂടെ, ഒരു പകരംവീട്ടലിന്റെ ആസ്വാദനത്തോടെ തനിക്ക് നേരെയുള്ള പ്രണയങ്ങളെ തട്ടിമാറ്റി അയാൾ ജീവിക്കുകയാണ്. അതുകൊണ്ടാണ് "സ്നേഹത്തിനുവേണ്ടി ദാഹിച്ചുനടന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീട് അതെടുത്ത് തട്ടിക്കളിക്കുക ഒരു രസമായിരുന്നു" (എം.ടി. 2018:159) എന്ന നിരീക്ഷണത്തിൽ അയാൾ എത്തുന്നത്. ഇതെല്ലാം നിഷേധിച്ച ഈ ലോകത്തോട്, വ്യവസ്ഥിതികളോട് ആത്യന്തികമായി അവനവനോട് തന്നെയുള്ള പ്രതിഷേധമായി ഇതിനെവിലയിരുത്താം.


ISSN: 2582 - 2594

**ബന്ധനം**

ദുരിതം നിറഞ്ഞ ബാല്യത്തിനപ്പുറം ഇന്നല്ലെങ്കിൽ നാളെ സമ്പന്നമായ ഒരു കാലത്തെ മനസ്സിൽ സൂക്ഷിക്കുന്ന കേശുവിന് ജീവിതത്തിൽ എങ്ങനെയെങ്കിലും രക്ഷപ്പെടണം എന്ന ചിന്തമാത്രമാണുണ്ടായിരുന്നത്. വലിയമ്മയുടെ ആമാടപ്പെട്ടി മോഷ്ടിച്ചുവിറ്റ് കിട്ടിയ നാല്പത്തി മൂന്ന് രൂപയുംകൊണ്ട് വിദേശത്ത് പോകാനും ജീവിതമാർഗ്ഗം കണ്ടെത്താൻ പ്രേരിപ്പിച്ചതും ഒരർത്ഥത്തിൽ ദാരിദ്ര്യമായിരുന്നു. 'സെൽഫ് മെയ്ഡ് മാൻ' എന്നയാളെ മറ്റുള്ളവർ വിശേഷിപ്പിക്കുമ്പോഴും അയാളിലെ നന്മകളത്രയും അയാൾക്ക് തിരിച്ചുപിടിക്കാനാകാത്തവിധം അയാളിൽനിന്നകന്നു പോയ്ക്കഴിഞ്ഞിരുന്നു. പണംനേടാനുള്ള വ്യഗ്രതയിൽ അയാൾ പലതും മറന്ന് ജീവിക്കുന്നു. സ്വന്തം കുടുംബത്തെപ്പോലും മറന്ന് തന്റെ സ്വകാര്യ സുഖങ്ങൾക്കുപുറകെ സഞ്ചരിക്കുന്നു. അയാൾ അണിഞ്ഞിരിക്കുന്ന മുഖംമൂടി ഒടുവിൽ അയാൾക്കുതന്നെ ബാധ്യതയാകുന്നുണ്ട്. ബന്ധങ്ങൾ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ബന്ധനങ്ങളാകുന്നു എന്ന തിരിച്ചറിവ് അയാളെ അസ്വസ്ഥനാക്കുന്നുണ്ട്. നാഗരിക ജീവിതത്തിന്റെ പുറംപൂച്ചുകളിൽ ആനന്ദം കണ്ടെത്തുമ്പോഴും ഭാര്യയും മകളും ഗ്രാമത്തിന്റെ വിശുദ്ധിയിലേക്ക് അയാളെ പിൻവിളി വിളിക്കുന്നുണ്ട്. ഭാര്യയുടെ നിഷ്കളങ്കമായ സ്നേഹത്തിനു മുൻപിൽ അയാൾ നിസ്സഹായനാകുന്നു. അയാളെ മാത്രം സ്നേഹിക്കുകയും അന്ധമായി വിശ്വസിക്കുകയും ചെയ്യുന്ന ഭാര്യയായ ഭാരതി ഒരുഭാഗത്തും വന്യമായി അയാൾ പ്രണയിക്കുന്ന മിസ് ഡിസൂസ മറുഭാഗത്തും. ഈ ഇരുട്ടിന്റെയും വെളിച്ചത്തിന്റെയും വ്യത്യസ്തലോകങ്ങൾക്കുള്ളിൽ വീർപ്പുമുട്ടുമ്പോഴും തോറ്റുകൊടുക്കാൻ അയാൾ തയ്യാറല്ലായിരുന്നു. കഷ്ടപ്പെട്ട് നേടിയെടുത്ത ജീവിതസാഹചര്യങ്ങളെ ഒരു നന്മയുടെ പേരിലും ഉപേക്ഷിക്കാൻ അയാൾ തയ്യാറല്ല. ബാല്യത്തിലെ ദാരിദ്ര്യാവസ്ഥയിൽനിന്നും അയാൾ ഉൾക്കൊണ്ട പാഠം അതായിരുന്നു. ഒന്നുമില്ലായ്മയുടെ ഒറ്റപ്പെടലിന്റെ അവഗണനയുടെ പാഠങ്ങൾ. അതോർത്തപ്പോൾ കാപട്യത്തിന്റെ മുഖംമൂടി അണിഞ്ഞുകൊണ്ട് ഭാര്യയെന്ന ബന്ധനത്തിൽനിന്നും കാമുകിയെന്ന ബന്ധനത്തിലേക്ക് അയാൾ ഇറങ്ങുമ്പോൾ ജീവിതത്തിൽ ഇനിയൊരിക്കലും തോൽക്കാൻ തയ്യാറല്ലെന്ന് കേശു ഉറക്കെ പ്രഖ്യാപിക്കുകയാണ്.

"ബന്ധന"ത്തിലെ കേശുവിന് തന്റെ ബാല്യം ഭയപ്പാടിന്റേതായിരുന്നു. "പടിഞ്ഞാറ്റയുടെ ഉണിനെപോലും പേടിച്ചുവളർന്ന കുട്ടിക്കാലം" (എം.ടി: 2008:320) എന്നാണ് അക്കാലത്തെ വിശേഷിപ്പിക്കുന്നത്. അനാഥത്വത്തിന്റെ തീവ്രതകളിൽനിന്നും അയാൾ പഠിച്ച പാഠം കൂടുതൽ നന്മയുള്ളവൻ ആകാൻ ശ്രമിക്കുന്നത് വ്യർത്ഥമാണെന്നാണ്. ജീവിതം നൽകിയതത്രയും തിരസ്കരണങ്ങൾ മാത്രമായിരുന്നു. അതുകൊണ്ടാണ് കേശു തന്റെ ജീവിതത്തെക്കുറിച്ച് "നന്മകൾ എനിക്കെന്നും വ്യാമോഹങ്ങൾ ആയിരുന്നു" (എം.ടി: 2008:323) എന്ന് വിലയിരുത്തുന്നത്. അനാഥത്വത്തിന്റെ പൊള്ളുന്ന അനുഭവങ്ങളിലൂടെ ജീവിതത്തിലേക്ക് നടന്നുകയറിയ കേശു പിന്നെയും ഒരുപാട് നിഗൂഢതകളെയും വഹിച്ചുകൊണ്ടാണ് ജീവിക്കുന്നത്. കുടുംബം/വീട് തന്റെ ബാല്യത്തെ അത്രമേൽ ഭയപ്പെടുത്തുകയോ അകന്നുനിൽക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒന്നായിരുന്നു. ഇന്നയാൾ എല്ലാവരും അംഗീകരിക്കുകയും ബഹുമാനിക്കുയും ചെയ്യുന്ന തലത്തിലേക്ക് ഉയർന്നിരിക്കുന്നു. സമ്പത്തുമാത്രം നോക്കിയാണ് അയാൾ ഭാരതിയെ വിവാഹംചെയ്തത്. ഭാരതിയെ സംബന്ധിച്ച് അയാളുടെ സുഖവും സമാധാനവുമാണ് പ്രധാനം. അതേസമയം, അയാൾക്കൊരിക്കലും ഭാരതിയെ സ്നേഹിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. എങ്കിലും, "ഭാരതീ,

നീ വിചാരിച്ചതുപോലെ നല്ലവനല്ല ഞാൻ. ഞാൻ ഒരിക്കലും നിന്നെ സ്നേഹിച്ചിട്ടില്ല" (എം.ടി: 2008:332) എന്ന് ഒരിക്കലെങ്കിലും തുറന്നുപറയണമെന്ന് അയാൾ ചിന്തിക്കുന്നുണ്ട്. അന്നു മുതൽ മാത്രമേ അയാൾക്ക് സ്വതന്ത്രനായ പച്ചമനുഷ്യനായി ജീവിക്കാൻ സാധിക്കൂ. സ്വന്തം ഭാര്യയുടെ ആവശ്യങ്ങളെ മറക്കുമ്പോഴും കാമുകിയുടെ ഓരോ ചെറിയ കാര്യങ്ങൾപോലും നിവർത്തിക്കുന്നതിൽ അയാൾ ദത്തശ്രദ്ധനായിരുന്നു. തന്റെ ബീജത്തെ പേറുന്ന ഭാര്യയും അവളിൽ ജനിച്ച മകളും തൊട്ടരികിൽ കിടക്കുമ്പോഴും കാമുകിയിലേക്കാണ് കേശുവിന്റെ ചിന്തകൾ സഞ്ചരിക്കുന്നത്. ഭാരതി അയാൾക്കൊരു വേദനയും കാമുകിയായ ഡിസൂസ ആനന്ദദായകവുമാണെന്ന് അയാൾ തുറന്നുസമ്മതിക്കുന്നുണ്ട്. ചില തുറന്നുപറച്ചിലുകൾ അയാൾ ആഗ്രഹിക്കുമ്പോഴും അയാളെ പിന്തിരിപ്പിക്കുന്നത് ബാല്യകാലത്തിന്റെ ഓർമ്മകളാണ്. ഇനിയൊരു പിൻനടത്തം സാധ്യമല്ല. ബാല്യകാലാനുഭവങ്ങൾ നിരന്തരം വേട്ടയാടുമ്പോൾ ജീവിതയാത്ര തുടരാൻതന്നെ അയാൾ തീരുമാനിക്കുന്നു. കാരണം, "മുഴപ്പട്ടിണിയായി കോവിലകത്തിന്റെ പുറംകോലായിൽ വേലക്കാരികൾ താളിയും മൈലാഞ്ചിയും അരയ്ക്കുന്ന കുറ്റൻ അമ്മിക്കല്ലിന്റെ സമീപത്ത് മഴ കോരിച്ചൊരിയുന്ന രാത്രിയിൽ നഗ്നമായ ചുമലുകളിൽ കൈകൾപിണച്ചുകെട്ടി കോടിവിറച്ച് കരിഞ്ഞ ഉപ്പേരിയും തണുത്ത ചോറും സമൃദ്ധിയുടെ സ്വപ്നമായി കണ്ടു കഴിഞ്ഞ ആ ചെക്കനെ അകലത്ത് അപ്പോഴെല്ലാം അയാൾ കാണുന്നു" (എം.ടി: 2008:323). വർത്തമാന കാലത്തിന്റെ സമ്പന്നതയിലും സുഖസൗകര്യങ്ങളിലും ജീവിതം സുരക്ഷിതമായിരിക്കുമ്പോഴും ബാല്യത്തിന്റെ മുറിപ്പാടുകൾ അയാളെ അസ്വസ്ഥനാക്കുന്നുണ്ട്. അരക്ഷിത ബാല്യാവസ്ഥയിൽ നന്മയും കരുണയും അയാളെ തേടിവന്നില്ല. എന്നിട്ടും അയാൾ പ്രതീക്ഷ കൈവിട്ടില്ല. അവഗണനയുടെ ഭാരവും പേറി വലിയമ്മയുടെ വീട്ടിൽനിന്നും ഇറങ്ങിപ്പോന്ന് ചോർന്നൊലിക്കുന്ന വൈക്കോൽപ്പുരയിൽ വിശപ്പിനെയും ചേർത്തുപിടിച്ച് കിടക്കുമ്പോൾ അയാളിൽ ഒരു അഗ്നിജ്വലിക്കുന്നുണ്ടായിരുന്നു. തന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് അയാൾ മോഷണത്തെയും കൂട്ടുപിടിക്കുന്നത് അതുകൊണ്ടാണ്.

ഭാര്യയുടെ സ്വത്തുക്കളെ സ്നേഹിക്കുന്ന, അവളോട് സഹതാപപൂർണമായ വേദന ഉള്ളിൽ സൂക്ഷിക്കുന്ന അയാൾ ഒരർത്ഥത്തിൽ ഭാര്യയെയും കാമുകിയെയും ഒരേസമയം വഞ്ചിക്കുകയാണ്. അയാളിലെ ഈ പൊയ്മുഖത്തിന്റെ അടിസ്ഥാന കാരണം തേടിപ്പോയാൽ ലൈംഗിക അരാജകത്വത്തിന്റെ പടർപ്പുകളിൽ ഒടുങ്ങിയ സ്വന്തം അമ്മയുൾപ്പെട്ട ഒരുപാട് സ്ത്രീ ജീവിതങ്ങളെ അയാളുടെ മനസ്സിൽ കണ്ടെത്താൻ കഴിയും. ആ കെട്ടുറപ്പില്ലായ്മയുടെ ആവർത്തനം എന്നോണം കേശുവും.

**ഉപസംഹാരം**

മനുഷ്യന്റെ സ്വഭാവരൂപീകരണഘട്ടമാണ് ബാല്യം. ബാല്യാവസ്ഥയിലെ സാമൂഹിക സാഹചര്യങ്ങൾ, കുടുംബം, മാതാപിതാക്കൾ തുടങ്ങിയവ അതുകൊണ്ടുതന്നെ വ്യക്തിത്വനിർമ്മിതിയിൽ നിർണായകസ്വാധീനംചെലുത്തുന്ന അടിസ്ഥാനഘടകങ്ങളാണ്. ആധുനിക മനഃശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യമനസ്സിനെ അപഗ്രഥിച്ചതിൽനിന്നും ബാല്യാവസ്ഥയിലെ സംഘർഷാത്മകതയുടെയും സ്നേഹശൂന്യതയുടെയും ലോകങ്ങളിൽ അന്യവൽക്കരിക്കപ്പെടുന്ന ബാല്യങ്ങൾ ഏകാന്തതയുടെ ഒറ്റയാൾതുരുത്തുകളാകുന്നുവെന്ന് ഫ്രോയ്ഡ്

നിരീക്ഷിക്കുന്നുണ്ട്. അനുഭവതീക്ഷ്ണതകൾ മനസ്സിന്റെ ആഴങ്ങളിൽ ഒളിപ്പിച്ച് ജീവിക്കുകയും പിന്നീട് സാഹചര്യത്തിനൊത്ത് ജീവിതത്തോടും തന്നോട് തന്നെയുള്ള പകവീട്ടലിലായി ജീവിതത്തെ മാറ്റിയെടുക്കുന്നു. അവിടെ ബന്ധങ്ങൾ തീർത്തും അപ്രസക്തമാകുന്നു. ബാല്യാവസ്ഥയിലുണ്ടാകുന്ന ഓരോ ചെറിയ അനുഭവങ്ങളും മനസ്സിലേല്പിക്കുന്ന മുറിവുകൾ കാലത്തിനൊപ്പം സഞ്ചരിക്കുകയും വളർന്ന് അവസരത്തെ കാക്കുകയും ചെയ്യുന്ന ചിത്രങ്ങൾ കഥകളിൽ കണ്ടെത്താൻ കഴിയുന്നുണ്ട്. ജീവിതത്തിൽ ബന്ധങ്ങൾ, സ്നേഹം എന്നിവയുടെ അർത്ഥരാഹിത്യം തുറന്നുകാട്ടുന്നതോടൊപ്പം, കാണുന്നതും കേൾക്കുന്നതുമായ നന്മതിന്മകളെ സ്വന്തം ജീവിതപരിസരങ്ങളിലേക്ക് പകർത്തിവയ്ക്കാനും കാലക്രമേണ ശ്രമിക്കുന്നു. സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും മൂല്യച്യുതിയുടെയും നേർചിത്രം കഥകൾ പ്രമേയവത്കരിച്ചിരിക്കുന്നു. തന്നെയും അമ്മയെയും മറന്ന് മറ്റൊരു ജീവിതം തേടിപ്പോയ അച്ഛനെ ശത്രുസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന പെരുമഴയുടെ പിറ്റേന്നിലെ അപ്പുവിലും, സ്നേഹനിരാസങ്ങൾക്കൊടുവിൽ ആ സ്നേഹത്തെതന്നെ കളിപ്പാട്ടംപോലെ തട്ടിക്കളിക്കാൻ പ്രേരിപ്പിക്കുന്ന അന്തിവെളിച്ചത്തിലെ നായകനിലും നന്മതിന്മകൾ അന്യമാക്കപ്പെട്ട് ഭാര്യയെയും കാമുകിയെയും ഒരേസമയം വഞ്ചിച്ചുകൊണ്ട് ജീവിതത്തിൽ ഇനിയൊരിക്കലും പരാജയപ്പെടാൻ വിസമ്മതിക്കുന്ന കേശുവിലും പ്രവർത്തിക്കുന്നത് ഒരേ വികാരം തന്നെയാണ്. നിസ്സഹായതയുടെ ബാല്യത്തിൽനിന്ന് പ്രതിരോധത്തിന്റെ, പ്രതിഷേധത്തിന്റെ പുതിയ പാഠങ്ങളെ ജീവിതത്തിൽ പകർത്താൻ ശിഷ്ടജീവിതത്തെ പ്രയോഗവൽക്കരിക്കുമ്പോൾ അതിന് അടിസ്ഥാനമായി മാറുന്നത് ബാല്യത്തിന്റെ അനുഭവപാഠങ്ങളാണെന്ന് കഥകളിൽനിന്നും കണ്ടെത്താൻ സാധിക്കുന്നുണ്ട്.

**ഗ്രന്ഥസൂചി**

എറിക് ഫ്രോം, 2016, ഫ്രോയ്ഡിയൻ ചിന്ത സാധ്യതയും പരിമിതിയും (വിവ. പ്രൊ. പി. വിജയൻ), പ്രോഗ്രസ് പബ്ലിക്കേഷൻസ്, തൃശ്ശൂർ

വാസുദേവൻ നായർ .എം.ടി, 2008, എം.ടിയുടെ തെരഞ്ഞെടുത്ത കഥകൾ, കറന്റ് ബുക്സ്, തൃശ്ശൂർ

വാസുദേവൻ നായർ .എം.ടി, 2019, മലയാളത്തിന്റെ സുവർണ്ണകഥകൾ, ഗ്രീൻ ബുക്സ്, തൃശ്ശൂർ

വാസുദേവൻ നായർ .എം.ടി, 2019, എന്റെ പ്രിയപ്പെട്ട കഥകൾ, ഡി സി ബുക്സ്, കോട്ടയം

Sigmund Freud, 1985, The Penguin Freud Library (Library) Penguin, London

**ആനുകാലികം**

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2023 ജൂലായ് 16-22, പുസ്തകം-101, ലക്കം-18